**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 208** **23-01-2025 - ൽ മറുപടിയ്ക്ക്**

**പകർച്ചവ്യാധികൾ തടയാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി ബാധിതരുടെ എണ്ണവും മരണനിരക്കും വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഡെങ്കിപ്പനി, എലിപ്പനി എന്നിവ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ വർദ്ധനവ് കാണുന്നുവെങ്കിലും മരണനിരക്ക് കുറഞ്ഞതായി കാണുന്നു. എലിപ്പനി രോഗബാധിതരുടെ എണ്ണത്തിലും മരണനിരക്കിലും വർദ്ധനവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നത് നിരീക്ഷിക്കുന്നതിനും പഠിക്കുന്നതിനും പ്രത്യേക സമിതിയെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഡെങ്കിപ്പനിയും എലിപ്പനിയും ഇവ കാരണമുള്ള മരണങ്ങളും ജില്ല സർവെയലൻസ് യൂണിറ്റുകളിലും, സ്റ്റേറ്റ് സർവെയലൻസ് യൂണിറ്റുകളിലും വിശദമായി അവലോകനം ചെയ്തു വരുന്നുണ്ട്. ഡെത്ത് ഓഡിറ്റും കാര്യക്ഷമമായി നടന്നു വരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ കൂടുന്ന RRT (Rapid Response Team) യോഗങ്ങളിലും പകർച്ചവ്യാധികൾ അവലോകനം ചെയ്യുന്നു. |
| (സി) | ഡെങ്കിപ്പനി, എലിപ്പനി ഉടങ്ങിയ പകർച്ചവ്യാധികൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ? | (സി) | ഡങ്കിപ്പനി, എലിപ്പനി ഉടങ്ങിയ പകർച്ചവ്യാധികൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ

### ഡങ്കിപ്പനി.

- മുൻ വർഷങ്ങളിലെ ഡങ്കിപ്പനി രോഗബാധിതരുടെയും മരണങ്ങളുടെയും സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്ത് തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.
- ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുന്നു.
- കൊതുകുകളുടെ സാന്ദ്രതാ പഠനം നടത്തി, അതിനനുസരിച്ചുള്ള നിവാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സാന്ദ്രത കൂടിയ സ്ഥലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നുണ്ട്. 2024 വർഷത്തിൽ 800 കരാർ തൊഴിലാളികളെ ഇതിനായി നിയമിച്ചിരുന്നു.
- ഔട്ട് ബ്രേക്കുകൾ ഉണ്ടാകുമ്പോൾ ചുരുങ്ങിയത് 6 ആഴ്ച കാലത്തേക്ക് പ്രദേശത്ത് രോഗനിരീക്ഷണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ശക്തമാക്കുന്നു.
- കൊതുക് സാന്ദ്രതാ പഠനത്തിനും നിയന്ത്രണത്തിനും, ഇൻസെക്ട് കളക്ടർമാർ, ഫീൽഡ് ജീവനക്കാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകി വരുന്നു.
- Indoor Space Spray, Fogging, കീടനാശിനികളുടെ ശരിയായ ഉപയോഗം, ഉപകരണങ്ങളുടെ പരിപാലനം എന്നിവയിൽ ജീവനക്കാർക്ക് പരിശീലനം നൽകി.
- കൊതുക് ജന്യ രോഗ നിയന്ത്രണത്തിനായി ആവശ്യമായ കീടനാശിനികളുടെയും അത് പോലെ തന്നെ മെഷീനുകളുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.
- ഡങ്കി ലാബ് പരിശോധനക്കുള്ള ടെസ്റ്റ് കിറ്റുകൾ ജില്ലാ ലാബുകളിലും സർവെയലൻസ് ലാബുകളിലും ലഭ്യമാക്കിയിട്ടുണ്ട്.
- സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ ഉറപ്പ് വരുത്തേണ്ടതിനാൽ ഡങ്കിപ്പനി ചികിത്സക്ക് വേണ്ടി ജനറൽ ഫിസീഷ്യൻ, പീഡിയാട്രീഷ്യൻ എന്നിവർക്ക് സംസ്ഥാന തലത്തിൽ പരിശീലനം നൽകി. തുടർന്ന് ജില്ലാ തലങ്ങളിൽ പരിശീലനങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു
- ആശുപത്രികളിൽ ഡങ്കിപ്പനി ചികിത്സക്ക് പനി വാർഡുകൾ സജ്ജമാക്കുകയും കൊതുക് വലകൾ നൽകുകയും ചെയ്യുന്നുണ്ട്.
- വിവിധ മാധ്യമങ്ങൾ വഴി ബോധവത്കരണം നടക്കുന്നു. മേയ് 16 തീയതിയിൽ ഡങ്കി ദിനാചരണം, ജൂലൈ മാസത്തിൽ ഡങ്കി മാസാചരണം എന്നിവ സംഘടിപ്പിക്കുന്നു.
- പ്ലാന്റേഷനുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നു.
- അതിഥി തൊഴിലാളികൾക്കിടയിൽ രോഗ നിർണ്ണയം നടത്തുന്നതിനായി പ്രത്യേക ടീമുകളെ നിയമിച്ചിട്ടുണ്ട്.

## എലിപ്പനി

- എലിപ്പനി രോഗബാധിതരുടെയും മരണങ്ങളുടെയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- കൃഷി, കന്നുകാലിവളർത്തൽ, തൊഴിലുറപ്പ് ജീവനക്കാർ, നിർമ്മാണ തൊഴിലാളികൾ, അതിഥി തൊഴിലാളികൾ എന്നിവരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ.
- വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഏകാരോഗ്യ സമീപനത്തിലൂടെയുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഏകലോകം ഏകാരോഗ്യം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി മീറ്റിംഗുകളും പരിശീലനവും നടപ്പിലാക്കി വരുന്നു.
- മാർഗ്ഗരേഖകൾക്കനുസരിച്ച് രോഗബാധിതരെ തിരിച്ചറിയുന്നതിനും ചികിത്സ ആരംഭിക്കുവാനും മെഡിക്കൽ ഓഫീസർമാർക്ക് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും പരിശീലനം നൽകി വരുന്നു.
- ചികിത്സയ്ക്ക് ആവശ്യമായ ഡോക്സിസൈക്ലിൻ, പെനിസിലിൻ മരുന്നുകളും, വെന്റിലേറ്റർ, ഡയാലിസിസ് സംവിധാനങ്ങളും ലഭ്യമാണ്.
- ലെപ്റ്റോസ്പൈറോസിസ് പരിശോധനാ സംവിധാനങ്ങൾ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും, മെഡിക്കൽ കോളേജുകളിലും ലഭ്യമാക്കിയിട്ടുണ്ട്.
- വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന, മൃഗസംരക്ഷണം, കൃഷി, തൊഴിൽ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഉൾപ്പെടുത്തിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- മാലിന്യനിർമ്മാർജ്ജനം, ശുചിത്വപരിപാലനം, കുടിവെള്ളവിതരണം, പൊതുജനാരോഗ്യ നിയമം നടപ്പിലാക്കൽ തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും Garbage Vulnerable Points map ചെയ്യുവാൻ ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതാ സമിതി അംഗങ്ങളും പ്രവർത്തിക്കുന്നു. ഇത്തരത്തിൽ map ചെയ്യുന്ന Garbage Vulnerable Points സമയബന്ധിതമായി നീക്കം ചെയ്യുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- വാർഡ് തല ആരോഗ്യ ശുചിത്വ സമിതികൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുന്നു.
- ജന്തുജന്യരോഗങ്ങൾ തടയുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, ക്ഷീര-കാർഷിക വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുമായി ചേർന്ന് അവലോകനം നടത്തുകയും അവബോധ പ്രവർത്തനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നു.
- പൊതുജനാരോഗ്യ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ